**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.313 25.06.2012-ൽ മറുപടിയ്ക്ക്

## സംസ്ഥാന വിവരാവകാശ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ.സി. മോയിൻ കുട്ടി<br>ശ്രീ.പി. ഉബൈദുള്ള | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇക്കാര്യത്തിൽ ചില സംഘടന കളുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ നടപടികൾ ഉണ്ടായ കാര്യം അറിയാമോ; | (എ) ആന്റ് (ബി)<br><br>വിവരാവകാശ കമ്മീഷന്റെ പ്രവർത്ത നത്തിൽ അസംതൃപ്തി രേഖപ്പെടുത്തി ചില സംഘടനകൾ പ്രതിഷേധ നടപടികൾ സംഘടിപ്പിച്ചതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്. |
| (സി) കമ്മീഷന്റെ പ്രവർത്തനം, നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം ഫലപ്രദ മാകാത്തതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കാനു ദ്ദേശിക്കുന്നതെന്ന് പറയാമോ; | (സി) കമ്മീഷന്റെ പ്രവർത്തനം, നിയമ ത്തിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം ഫലപ്രദമായി നടക്കു ന്നുണ്ട്. എന്നാൽ വിവരാവകാശം സംബന്ധിച്ച പരാതികളുടെയും അപേക്ഷകളുടെയും രണ്ടാം അപ്പീലു കളുടെയും ബാഹുല്യം കാരണം അവ തീർപ്പാക്കുന്നതിൽ നേരിയ കാലതാമസം നേരിടുന്നുണ്ട്. വിവരാവകാശ കമ്മീഷനിലെ നിലവിലുള്ള അംഗങ്ങളുടെ എണ്ണം അഞ്ചിൽ നിന്നും ആറാക്കി ഉയർത്തിയിട്ടുണ്ട്. |
| (ഡി) കമ്മീഷന്റെ നിയമാനുസൃത ഉത്തരവുകൾ നടപ്പാക്കാത്ത അവസ്ഥയുണ്ടായാൽ അവ പരിഹരിക്കുവാൻ എന്തൊക്കെ നിയമ നടപടികളാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) കമ്മീഷന്റെ നിയമാനുസൃത ഉത്തര വുകൾ പാലിക്കാതെ വന്നാൽ പിഴ ചുമത്തുന്നതു കൂടാതെ മറ്റു ശിക്ഷണ നടപടികൾ സ്വീകരി ക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**